# സൂര്യനോട്.

ബേബി കാക്കശ്ശേരി



കാലത്തും വൈകീട്ടും എന്റെ നിഴൽചിത്രം
നീട്ടിവരയ്ക്കുന്ന സൂര്യദേവാ !
നട്ടുച്ച നേരത്ത് നീയെന്തേയെൻ ചിത്രം
ഇത്രയും കൊച്ചായ് വരച്ചിടുന്നു ?
കത്തിജ്ജ്വലിക്കുന്ന നേരത്തു നിൻ കണ്ണിൽ
മറ്റുള്ളോരെല്ലാം ചെറുപ്പമെന്നോ !
വാരഞ്ചും വർണ്ണലയങ്ങളിൽ സന്ധ്യയും
വാർമഴവില്ലും വരച്ചു തീർത്ത,
ചായത്തളികയിലില്ലേ കറുപ്പന്യേ
ചാരുതയാർന്ന നിറം വരക്കാൻ ?
എങ്കിലും ചൊല്ലുന്നു നന്ദി! നീയില്ലെങ്കി–
ലില്ല ഞാനെന്റെ നിഴലുപോലും !
*****************_*************